"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള അർബൻ കോൺക്ലേവ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കേരള അർബൻ കോൺക്ലേവ് - 2025 ന്റെ ചിലവ് ഫണ്ട് നിക്ഷേപിക്കുന്നതിനും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ടി തുക വിനിയോഗിക്കുന്നതിനും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.2152/2025/LSGD തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-
1. 26.06.2025 ലെ സ.ഉ.(സാധാ)1601/2025/തസ്വഭവ നമ്പർ ഉത്തരവ്.
2. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 25.08.2025 ൽ അവസാനിക്കുന്ന LSGD/PD/l1166/2025-DPLA1 നമ്പർ കത്തിടപാടുകൾ .

**ഉത്തരവ്**

അടിസ്ഥാന മേഖലകളുടെ വികസനത്തിന് ഊന്നൽ നൽകിയും ജനപങ്കാളിത്തം ഉറപ്പാക്കിയും പ്രകൃതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, നീർത്തടവികസനം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങി നിരവധി മേഖലകളിൽ അത്ഭുതകരമായ മാറ്റങ്ങൾക്കു തദ്ദേശസ്ഥാപനങ്ങൾ നേതൃത്വം നൽകിവരുന്ന കേരളത്തിന്റെ നഗരവൽക്കരണ സ്വഭാവവും സങ്കീർണ്ണതയും പ്രശ്നങ്ങളും ഉൾക്കൊണ്ട് അതീവ സങ്കീർണമായ നഗരവൽകരണ പ്രക്രിയയ്ക്ക് വിധേയമായതും, കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ശക്തമായി അനുഭവിക്കുന്നതുമായ നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാഴ്ചപാടിന് അനുസൃതമായി ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് അടുത്ത 25 വർഷത്തെ വികസനപ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം കേരളത്തിന്റെ നഗരവൽക്കരണവും സർക്കാരിന്റെ നഗരനയവും വിപുലമായ ചർച്ചയ്ക്കു വിധേയമാക്കുന്നതിന് കൊച്ചിയിൽ വച്ച് സെപ്റ്റംബർ 12 & 13 തീയതികളിൽ "കേരള അർബൻ കോൺക്ലേവ് 2025" സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. കേരള അർബൻ കോൺക്ലേവ് 2025 എന്ന ആഗോള ഇവന്റിന്റെ സുഗമമായ നടത്തിപ്പിന്റെ ആവശ്യത്തിനായി കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിലുള്ള UCO

ബാങ്കിന്റെ കൊച്ചിൻ (0109) ബ്രാഞ്ചിലെ ബാങ്ക് അക്കൗണ്ടിലേക്ക് കേരള അർബൻ കോൺക്ലേവ് - 2025 ന്റെ ഫണ്ട് സ്വീകരിക്കുന്നതിനും അപ്രകാരം ലഭ്യമാക്കുന്ന ഫണ്ട് ചെലവഴിക്കാൻ കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക് വിവേചനാധികാരം നൽകണമെന്നും പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശിത ശിപാർശയുടെ അടിസ്ഥാനത്തിൽ, കേരള അർബൻ കോൺക്ലേവ് 2025 എന്ന ആഗോള ഇവന്റിന്റെ സുഗമമായ നടത്തിപ്പിന്റെ ആവശ്യത്തിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിലുള്ള UCO ബാങ്കിന്റെ കൊച്ചിൻ (0109) ബ്രാഞ്ചിലെ Account No. 01090110012758 IFSC Code - UCBA0000109 MICR Code - 682028002 ബാങ്ക് അക്കൗണ്ടിലേക്ക് കേരള അർബൻ കോൺക്ലേവ് - 2025 ന്റെ ചിലവ് ഫണ്ട് നിക്ഷേപിക്കുന്നതിനു/സ്വീകരിക്കുന്നതിനു അനുമതി നൽകിക്കൊണ്ടും പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ നിന്നും കേരള അർബൻ കോൺക്ലേവ് - 2025 ന്റെ ആവശ്യത്തിനായി ഫണ്ട് ആവശ്യാനുസരണം നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി വിനിയോഗിക്കുന്നതിനു കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 30-08-2025 15:33:48
സെക്ഷൻ ഓഫീസർ

പകർപ്പ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പു മന്ത്രിയുടെ പി എസിന് .
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എയ്ക്ക്.